### ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ

- ഇന്ത്യ സ്ഥിതി ചെയ്യുന്ന ഭൂഖണ്ഡം - ഏഷ്യ
- ഇന്ത്യ സ്ഥിതി ചെയ്യുന്ന ഉപഭൂഖണ്ഡം - ഇന്ത്യൻ ഉപഭൂഖണ്ഡം
- ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉൾപ്പെടുന്ന രാജ്യങ്ങൾ - ഇന്ത്യ, പാകിസ്ഥാൻ, നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ്, ശ്രീലങ്ക, മാലിദ്വീപ്
- ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ഏറ്റവും വലിയ രാജ്യം - ഇന്ത്യ (ചെറുത് - മാലിദ്വീപ്)
- ഇന്ത്യയിൽ അനുഭവപ്പെടുന്ന കാലാവസ്ഥ - ഉഷ്ണമേഖല മൺസൂൺ കാലാവസ്ഥ
- ഇന്ത്യൻ ഉപഭൂഖണ്ഡത്തിൻറെ അതിർത്തികൾ
  - വടക്കേ അതിർത്തി - ഹിമാലയം
  - വടക്ക് പടിഞ്ഞാറ് - ഹിന്ദുകുഷ്, സുലൈമാൻ നിരകൾ
  - വടക്ക് കിഴക്ക് - പൂർവാചൽ
  - തെക്ക് - ഇന്ത്യൻ മഹാസമുദ്രം
  - തെക്ക് പടിഞ്ഞാറ് - അറബിക്കടൽ
  - തെക്ക് കിഴക്ക് - ബംഗാൾ ഉൾക്കടൽ
- ഇന്ത്യൻ ഉപഭൂഖണ്ഡത്തിൻ്റെ പടിഞ്ഞാറ് ഭാഗത്ത് പ്രകൃത്യാൽ നിർമിതമായ അതിർത്തി - ഹിന്ദ്കുഷ് പർവതനിര
- ഇന്ത്യയുടെ അക്ഷാംശ വ്യാപ്തി (കന്യാകുമാരി വരെ) - 8°4' വടക്ക് മുതൽ 37°6' വടക്ക് വരെ

- ഇന്ത്യയുടെ തെക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന ആൻഡമാനിലെ ഏറ്റവും താഴെ സ്ഥിതി ചെയ്യുന്ന ദ്വീപിനെകൂടി ഉൾപ്പെടുത്തിയാൽ (ഇന്ദിരാ പോയിന്റ് വരെ) ഇന്ത്യയുടെ അക്ഷാംശ വ്യാപ്തി - 6°45' വടക്ക് മുതൽ 37°6' വടക്ക് വരെ

- ഇന്ത്യയിലൂടെ കടന്നുപോകുന്ന പ്രധാന അക്ഷാംശ രേഖ - ഉത്തരായനരേഖ (23½ ഡിഗ്രി വടക്ക്)

- ഉത്തരായനരേഖ കടന്നുപോകുന്ന സംസ്ഥാന ങ്ങളുടെ എണ്ണം - 8

  (ഗുജറാത്ത്, രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഢ്, ജാർഖണ്ഡ്, പശ്ചിമ ബംഗാൾ, ത്രിപുര, മിസോറാം)

- ഉത്തരായനരേഖയ്ക്കടുത്ത് സ്ഥിതി ചെയ്യുന്ന ഇന്ത്യൻ മെഗാ നഗരം/ മെട്രോപൊളിറ്റൻ നഗരം - അഹമ്മദാബാദ് (23° 022' N)

- ഉത്തരായന രേഖയെ രണ്ട് തവണ മുറിച്ച് കടക്കുന്ന നദി - മാഹി നദി

- ഇന്ത്യയുടെ രേഖാംശ വ്യാപ്തി - 68°7' കിഴക്ക് മുതൽ 97° 25' കിഴക്ക് വരെ

- ഇന്ത്യൻ ഭൂവിസ്തൃതി ലോക ഭൂവിസ്തൃതിയുടെ എത്ര ശതമാനം - 2.42%

- ഇന്ത്യയുടെ ആകെ വിസ്തീർണ്ണം - 32,87,263 sq km (3.28 million sq km)

- ലോകരാജ്യങ്ങളിൽ വലുപ്പത്തിൽ ഇന്ത്യയുടെ സ്ഥാനം - 7

  (റഷ്യ, കാനഡ, ചൈന, യു.എസ്.എ, ബ്രസീൽ, ഓസ്ട്രേലിയ, ഇന്ത്യ, അർജന്റീന, കസാഖിസ്ഥാൻ, അൽജീരിയ)

- ഇന്ത്യൻ ജനസംഖ്യ ലോക ജനസംഖ്യയുടെ എത്ര ശതമാനം -17.7%

  (2023 ലെ റിപ്പോർട്ട് പ്രകാരം 17.7%)

➢ ഇന്ത്യയുടെ ജനസംഖ്യ:- ഏകദേശം 1.43 ബില്ല്യൺ.
➢ ലോക ജനസംഖ്യ:- ഏകദേശം 8 ബില്ല്യൺ.

- ഇന്ത്യയുടെ തെക്ക് - വടക്ക് ദൂരം - 3214 കി.മീ

- ഇന്ത്യയുടെ കിഴക്ക്-പടിഞ്ഞാറ് ദൂരം - 2,933 കി.മീ

- ഇന്ത്യയുടെ വടക്കേയറ്റത്തെ സംസ്ഥാനം - ഹിമാചൽ പ്രദേശ് (ഇന്ത്യയുടെ വടക്കേയറ്റത്തെ സംസ്ഥാനമായിരുന്ന ജമ്മുകാശ്മീർ കേന്ദ്രഭരണപ്രദേശം ആയതോടെ)

- ഇന്ത്യയുടെ തെക്കേയറ്റത്തെ സംസ്ഥാനം - തമിഴ്നാട്

- ഇന്ത്യയുടെ കിഴക്കേയറ്റത്തെ സംസ്ഥാനം - അരുണാചൽ പ്രദേശ്

- ഇന്ത്യയുടെ പടിഞ്ഞാറേയറ്റത്തെ സംസ്ഥാനം - ഗുജറാത്ത്

- ഇന്ത്യയുടെ വടക്കേയറ്റം - ഇന്ദിരാകോൾ (ലഡാക്ക്)

- ഇന്ത്യയുടെ തെക്കേയറ്റം - ഇന്ദിരാപോയിന്റ് (ഇന്ത്യൻ യൂണിയന്റെ തെക്കേയറ്റം)

  (പിഗ്മാലിയൻ പോയിന്റ് /പാർസൺ പോയിന്റ് (ഗ്രേറ്റ് നിക്കോബാർ))

- ഉപദ്വീപിയ ഇന്ത്യയുടെ തെക്കേയറ്റം - കന്യാകുമാരി (തമിഴ്നാട്)

- ഇന്ത്യയുടെ കിഴക്കേയറ്റം - കിബിത്തു (അരുണാചൽ പ്രദേശ്)

- ഇന്ത്യയുടെ പടിഞ്ഞാറേയറ്റം - ഗുഹാർമോത്തി (ഗുജറാത്ത്)

- ഇന്ത്യയിലെ ഉയരം കൂടിയ കൊടുമുടി - മൗണ്ട് K2/ഗോഡ്വിൻ ആസ്റ്റിൻ (8611 m) (SCERT Text book പ്രകാരം 8661 m എന്നാണ്)
- പൂർണ്ണമായും ഇന്ത്യയിൽ സ്ഥിതിചെയ്യുന്ന ഏറ്റവും ഉയരം കൂടിയ പർവതം - കാഞ്ചൻജംഗ (8586 m) (സിക്കിം)
- ഇന്ത്യയിലെ ഏറ്റവും താഴ്ന്ന പ്രദേശം - കുട്ടനാട് (-2.2 m)
- ഇന്ത്യയിലെ സമയമേഖലകളുടെ എണ്ണം - 1
- ഇന്ത്യയുടെ മാനക രേഖാംശം - എൺപത്തിരണ്ടര കിഴക്ക് രേഖാംശരേഖ
- എൺപത്തിരണ്ടര കിഴക്ക് രേഖാംശരേഖ കടന്നുപോകുന്ന ഇന്ത്യൻ സംസ്ഥാനങ്ങൾ - ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഛത്തീസ്ഗഢ്, ഒഢീഷ, ആന്ധ്രാപ്രദേശ്
  (നഗരങ്ങൾ - കാക്കിനഡ, അലഹബാദ്)
- ഇന്ത്യയുടെ കിഴക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന അരുണാചൽ പ്രദേശിലെ സമയം പടിഞ്ഞാറേ അറ്റത്ത് സ്ഥിതിചെയ്യുന്ന ഗുജറാത്തിലെ സമയത്തെക്കാൾ 2 മണിക്കൂർ മുൻപിലാണ്.
- അരുണാചൽപ്രദേശ് ഗുജറാത്തിൽ നിന്ന് 30° കിഴക്ക് സ്ഥിതിചെയ്യുന്നതുകൊണ്ടാണ് 2 മണിക്കൂർ സമയവ്യത്യാസം ഉണ്ടാകുന്നത്. (ഓരോ 15° രേഖാംശം മാറുമ്പോൾ പ്രാദേശിക സമയം 1 മണിക്കൂർ വ്യത്യാസപ്പെടും.)
- ഇന്ത്യൻ സ്റ്റാൻഡേർഡ് ടൈം (ഇന്ത്യൻ പ്രാദേശിക സമയം) ഗ്രീനിച്ച് സമയത്തെ ക്കാൾ അഞ്ചര മണിക്കൂർ മുന്നിലാണ്.